LIBRARY ARCHIVES Kerala Legislative Assembly

(7) എം.ടെക് കോഴ്സുകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. വി. ജെ. പൗലോസ്: സർ, നമ്മുടെ സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖല ഇന്ന് അനു വിക്കുന്ന വളരെ പ്രധാനപ്പെട്ട കാര്യമാണ് ഉന്നയിക്കുന്നത്. ധാരാളം എൻജിനീയറിംഗ് കോളേജുകൾ ഗവൺമെന്റ് മേഖലയിലും, സ്വാശ്രയമേഖലയിലുമൊക്കെ പ്രവർത്തിക്കുന്നുണ്ട്. അവിടെ അധ്യാപകരായി നിയമനം കിട്ടുന്നതിന് മിനിമം യോഗ്യത എം.ടെക് ആണ്. കേരളത്തിൽ എം.ടെക് കോഴ്സുകൾ ആവശ്യാനുസരണം ഇല്ലാത്തതുകൊണ്ട് ഇന്ന് അധ്യാപക നിയമനത്തിന് ആളുകളെ കിട്ടാതെ വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുന്നു. റിട്ടയർ ചെയ്ത ആളുകളെക്കൊണ്ടാണ് ഇപ്പോൾ ആവശ്യം നടത്തുന്നത്. അധ്യാപകരെ ആവശ്യത്തിനു കിട്ടാത്തതുമൂലം ഉളവായിട്ടുള്ള പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിന് അടിയന്തിരമായി വ്യാപകമായ തോതിൽ എം.ടെക് കോഴ്സുകൾ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): സർ, എ.ഐ.സി.ടി.ഇ.-യുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഈയിടെ ഗവൺമെന്റ് പുറത്തിറക്കിയ സ്പെഷ്യൽ റൂൾസിൽ ലക്ച്ചറർമാരായി നേരിട്ട് നിയമനം നടത്തുന്നതിനുള്ള യോഗ്യത ഒന്നാം ക്ളാസ് ബി.ടെക് ബിരുദമാണ് ; അല്ലെങ്കിൽ ഒന്നാം ക്ളാസ് മാസ്റ്റർ ബിരുദമാണ്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, നമ്മുടെ സംസ്ഥാനത്ത് സ്വാശ്രയമേഖലയിലും ഗവൺമെന്റ് മേഖലയിലും എൻജിനീയറിംഗ് കോളേജുകൾ ധാരാളമായി വരുന്നു എന്നുള്ള വസ്തുത കണക്കിലെടുത്തുകൊണ്ട് കൂടുതൽ എം.ടെക് കോഴ്സുകൾ ആരംഭിക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. സംസ്ഥാനത്ത് തൃശൂർ, തിരുവനന്തപുരം ഗവൺമെന്റ് എൻജിനീയറിംഗ് കോളേജുകളിലും എയ്ഡഡ് മേഖലയിൽ കൊല്ലം ടി.കെ.എം. എൻജിനീയറിംഗ് കോളേജിലും എം.ടെക് പഠന സൗകര്യം നിലവിലുണ്ട്. സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ, കെമിക്കൽ, ആർക്കിടെക്ച്ചർ, എന്നീ എൻജിനീയറിംഗ് ശാഖകളിൽ വിദ്യഭ്യാസം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഈ സ്ഥാപനങ്ങളിലുണ്ട്. ഓരോ ബ്രാഞ്ചിലും എം.ടെക് കോഴ്സുകൾക്ക് പ്രവേശനം നൽകിവരുന്നത്. സിവിൽ-50, മെക്കാനിക്കൽ-43, ഇലക്ട്രിക്കൽ-36, ഇലക്ട്രോണിക്സ്-14, ആർക്കിടെക്ച്ചർ-7, കെമിക്കൽ-8 എന്നിങ്ങനെയാണ്. സ്വാശ്രയമേഖലയിൽ ഈ ആധുനിക ശാഖകളുടെ എം.ടെക് കോഴ്സുകൾ ആരംഭിക്കുന്നതിന് ഇതുവരെ അപേക്ഷകൾ ഒന്നും ലഭ്യമായിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് ഗവൺമെന്റ് ഈ കാര്യം പരിശോധിക്കുന്നതാണ്. ഗവൺമെന്റ് സ്ഥാപനങ്ങളിൽ കൂടുതലായി അനുവദിക്കാൻ നിർവ്വാഹമില്ല.

V ക്രമപ്രശ്നം

അധികധനാഭ്യർത്ഥനകൾ സഭയിൽ അവതരിപ്പിക്കുന്നതിലുള്ള കാലതാമസം

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ ഒരു പ്രശ്നം ഉന്നയിക്കാനുണ്ട്. ഇവിടെ 1989 -90 മുതൽ 1992-93 വരെയും 1995-96, 1997-98 മുതൽ 1999-2000 വരേയും സാമ്പത്തിക വർങ്ങളിലെ അധിക ധനാഭ്യർത്ഥനകളുടെയും സ്റ്റേറ്റ്മെന്റുകൾ ആണ് മേശപ്പുറത്തു വയ്ക്കുന്നത്. വളരെ ഗൗരവമായ ഒരു വിഷയമാണ്. 1984

മുതലുള്ള അധിക ധനാഭ്യർത്ഥനകൾ ഇവിടെ അവതരിപ്പിച്ച് അംഗീകാരം നേടിയിട്ടില്ല. ഭരണഘടനയുടെ ആർട്ടിക്കിൾ 205 പ്രകാരം പി.എ.സി.-യുടെ ശുപാർശയനുസരിച്ച് നിയമപരമായി സഭയുടെ മുമ്പാകെ കൊണ്ടു വന്ന് റെഗുലറൈസ് ചെയ്യേണ്ടതാണ്. ഇതിൽ മൊത്തം 2500 കോടി രൂപ വരും. വിദ്യാഭ്യാസ വകുപ്പിന്റെയാണ് ഇതിൽ ഏറ്റവും വലിയ സംഖ്യ. അത് 1984 മുതലുണ്ട്. 1984 മുതലുള്ളത് അവർ കൊണ്ടു വന്നിട്ടില്ല.

മി. സ്പീക്കർ : ഇത് ആദ്യം ചെയ്യണമായിരുന്നു.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, അതു തന്നെ. 1984 മുതലുണ്ട്. ഏറ്റവും കൂടുതൽ സംഖ്യ വിദ്യാഭ്യാസ വകുപ്പിന്റെയാണ്. ഇത് എങ്ങനെയാണ് സഭ അറിയുക. ബീഹാറിൽ.....

മി. സ്പീക്കർ : അതൊന്നും വേണ്ട. Yes, Minister, you can speak. Mr. Rajendran, you have made your point No.....no.....I don't permit you to make him in a dilemma. It is a very minor thing.. Since you wanted to say something I have permitted., that's all. It is a common thing. It is being done. Yes minister.....

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഇതിൽ ഒരു റൂളിംഗ് വേണ്ടതല്ലേ ?

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ശങ്കരനാരായണൻ): സർ, ഭരണഘടനാപരമായിട്ടുള്ള ഒരു നിർവ്വഹണം നടത്തുന്നതു മാത്രമാണ്. കാലാകാലങ്ങളിൽ നിയമസഭയിൽ സപ്ലിമെന്ററി ഡിമാൻഡ് ഫോർ ഗ്രാന്റ്സ് അവതരിപ്പിക്കുന്നതും പാസ്സാക്കുന്നതുമാണ്. ഇവിടെത്തന്നെ റൂൾ 150-ൽ വളരെ വ്യക്തമായിട്ട് പറഞ്ഞിട്ടുണ്ട്. വിദ്യാഭ്യാസം ഇവിടെ നടത്താതിരിക്കാൻ പറ്റില്ല. 9,000 പ്ലസ് ടു അദ്ധ്യാപകന്മാരെ നിശ്ചയിച്ചതിന്റെ ശമ്പളം ഈ ഗവൺമെന്റാണ് കൊടുത്തത്. വിദ്യാഭ്യാസാവശ്യത്തിന് പണം ആവശ്യമാണ്.

Mr. Speaker : ഇത് വലിയ സീരിയസ് വയലേഷനൊന്നുമല്ല. This is a common thing ;

V കെ. സി. എസ്. മണിയുടെ പ്രതിമ സ്ഥാപിക്കണമെന്ന ആവശ്യം

ശ്രീ. ഷിബു ബേബിജോൺ : സർ, സി.പി. രാമസ്വാമി അയ്യരെ കെ.സി.എസ്. മണി വെട്ടി വെട്ടിമുറിവേൽപ്പിച്ച് നാട് കടത്തിയതിന്റെ 56-ാം വാർഷികമാണിന്ന്. സ്വതന്ത്ര തിരുവിതാംകൂർ എന്ന ആശയം മുന്നോട്ടു വന്നപ്പോൾ ഐക്യ കേരളത്തിനുവേണ്ടി എടുത്ത ഒരു ധീരമായ നടപടിയാണ്. നിയമസഭാ കവാടത്തിൽ രാഷ്ട്രപിതാവിന്റെ പ്രതിമ സ്ഥാപിക്കുമെന്ന് ഈയടുത്ത കാലത്ത് അങ്ങയുടെ പ്രസ്താവന ഉണ്ടായിരുന്നു. നമുക്കൊക്കെ ഇവിടെ ഇന്ന് സമ്മേളിക്കാൻ അവസരമൊരുക്കിയ ഒരു വ്യക്തി എന്നുള്ള നിലയിൽ, കേരളത്തിന്റെ രാഷ്ട്രപിതാവ് എന്നുള്ള നിലയിൽ കെ.സി..എസ്. മണിയുടെ ഒരു പ്രതിമ സ്ഥാപിക്കാനുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly